ഉത്തരം

(എ) ഉണ്ട്. 30-5-2014 തീയതിയിലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ. 150/14/ആകുവ പ്രകാരം സർക്കാർ ആയുർവ്വേദ കോളേജ് ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന 500 രൂപയിൽതാഴെ വരുമാനമുള്ള മുഴുവൻ രോഗികൾക്കും എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ സൗജന്യ ചികിത്സ അനുവദിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇല്ല. എന്നാൽ വരുമാനം തെളിയിക്കുന്നതിനുവേണ്ടി റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ്, 500 രൂപയിൽതാഴെ മാസ വരുമാനം കാണിക്കുന്ന വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റ് ഇവയിൽ ഏതെങ്കിലും രേഖകൾ ഹാജരാക്കുന്നവർക്ക് സൗജന്യ ചികിത്സ അനുവദിക്കാറുണ്ട്.

മാവേലിക്കര ആയുർവ്വേദ ആശുപത്രിയിൽ പഞ്ചകർമ്മ സെന്റർ ആരംഭിക്കുന്നതിന് നടപടി

111 (6816) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര, തഴക്കര പഞ്ചായത്തിലെ ആയുർവ്വേദ ആശുപത്രിയിൽ പഞ്ചകർമ്മ സെന്റർ ആരംഭിക്കുന്നതിന് എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെന്ന് വിശദമാക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് 22-5-2014-ൽ ആരോഗ്യവകുപ്പ് സെക്രട്ടറി, ഡയറക്ടർ ഓഫ് ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിന് കത്ത് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ ഡയറക്ടർ പ്രസ്തുത കത്തിന് നാളിതുവരെയായും മറുപടി നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഇ) ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്നതോടെ ഭരണാനുമതി നൽകുവാൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) ഉണ്ട്. 5-7-2014-ന് സർക്കാരിൽ ലഭിച്ച മറുപടി പരിശോധിച്ചുവരുന്നു.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

മാവേലിക്കര ആയുർവ്വേദ ആശുപത്രിയിലെ ഡോക്ടറുടെ അവധി

112 (6817) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര ആയുർവ്വേദ ആശുപത്രിയിൽ സ്ഥിരമായി ഒരു ഡോക്ടർ അവധിയിൽ പ്രവേശിക്കുന്നതുമൂലം കിടത്തി ചികിത്സയുടെ പ്രവർത്തനം താളം തെറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഡോക്ടറുടെ അവധി റദ്ദ് ചെയ്ത് പുനഃപ്രവേശിപ്പിക്കുന്നതിനോ പുതിയ ഡോക്ടറെ നിയമിക്കുന്നതിനോ ഉള്ള നടപടി സ്വീകരിക്കുമോ ;

(സി) ടി ഡോക്ടർക്കെതിരെ തുടർച്ചയായി അവധിയിൽ പ്രവേശിക്കുന്നതിന് വകുപ്പുതല നടപടി സ്വീകരിക്കുമോ ;

(ഡി) മാവേലിക്കര മണ്ഡലത്തിൽ വിഷചികിത്സയ്ക്കുള്ള സംവിധാനം ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) മാവേലിക്കര ആയുർവ്വേദാശുപത്രിയിൽ വിഷചികിത്സയ്ക്കായി നിലവിലുണ്ടായിരുന്ന ഡോക്ടറുടെ തസ്തിക പുനഃസ്ഥാപിക്കുമോ ; വിശദമാക്കുമോ ;

(എഫ്) ഇവിടെ നിലവിലുണ്ടായിരുന്ന ക്ലറിക്കൽ തസ്തിക പുനഃസ്ഥാപിക്കുമോ ; വകുപ്പുതല നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മാവേലിക്കര ആയുർവ്വേദ ആശുപത്രിയിലെ ഡോക്ടർ അവധിയിൽ പ്രവേശിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

(സി) നിയമപരമായ അവധിയായതിനാൽ നടപടി സ്വീകരിക്കുവാൻ കഴിയുകയില്ല.

(ഡി) ഉണ്ട്.

(ഇ&എഫ്) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly